മുദ്രകൾ

# ഡോ. മുഹമ്മദ് ബദീഅ് ഇഖ്‌വാന്റെ പുതിയ സാരഥി



■ ഡോ. മുഹമ്മദ് ബദീഅ്

**ഡോ. മുഹമ്മദ്** ബദീഇനെ ഈജിപ്തിലെ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പുതിയ സാരഥി (അൽ മുർശിദുൽ ആം)യായി തെരഞ്ഞെടുത്തു (ഇതെഴുതുമ്പോഴും ഔദ്യോഗിക പ്രഖ്യാപനം വന്നിട്ടില്ല). നിർവാഹക സമിതി(മക്തബുൽ ഇർശാദ്)യിലേക്കുള്ള തെരഞ്ഞെടുപ്പിനോടൊപ്പം തന്നെ പുതിയ സാരഥിയെ നിശ്ചയിക്കാനുള്ള വോട്ടെടുപ്പും പൂർത്തിയായിരുന്നുവെങ്കിലും ഫലം പുറത്തു വിട്ടിരുന്നില്ല. സംഘടനയുടെ എട്ടാമത്തെ മുർശിദായാണ് ബദീഅ് സ്ഥാനമേൽക്കുന്നത്. നിലവിലുള്ള സാരഥി മഹ്ദി ആകിഫ് സ്ഥാനമൊഴിഞ്ഞതിനാലാണ് തെരഞ്ഞെടുപ്പ് വേണ്ടിവന്നത്. സംഘടനയുടെ ചരിത്രത്തിൽതന്നെ സ്ഥാനമൊഴിയുന്ന ആദ്യത്തെ മുർശിദാണ് മഹ്ദി ആകിഫ്. ഹസനുൽ ബന്നയുൾപ്പെടെയുള്ള മുൻകാല സാരഥികളെല്ലാം പദവിയിലിരിക്കെ മരണപ്പെടുകയായിരുന്നു.

മുർശിദ് സ്ഥാനത്തേക്ക് മുഖ്യമായും മൂന്ന് പേരെയാണ് പരിഗണിച്ചത്- വിദ്യാർഥി വിഭാഗത്തിന്റെ ചുമതലയുള്ള ബദീഅ്, മുതിർന്ന നേതാവായ റശാദ് അൽബയൂമി, ഇഖ്‌വാന്റെ ഔദ്യോഗിക ചരിത്രകാരനായ ഡോ. ജുമുഅ അമീൻ എന്നിവരെ. നൂറ്റിമൂന്ന് അംഗ മജ്‌ലിസ് ശൂറയിൽ ബദീഇന് 66 വോട്ടുകൾ ലഭിച്ചതായി ലണ്ടനിൽനിന്നിറങ്ങുന്ന *അൽഹയാത്* അറബി ദിനപത്രം റിപ്പോർട്ട് ചെയ്യുന്നു. റശാദ് അൽബയൂമിയായിരിക്കും മിക്കവാറും ഒന്നാം ഡെപ്യൂട്ടി ചെയർമാനായി സ്ഥാനമേൽക്കുക.

യുവാവായിരിക്കെതന്നെ ഇഖ്‌വാന്റെ നേതൃനിരയിൽ ശോഭിച്ച വ്യക്തിത്വമാണ് മുഹമ്മദ് ബദീഅ് (67). കഴിഞ്ഞ 17 വർഷമായി ഇഖ്‌വാന്റെ 'പോളിറ്റ് ബ്യൂറോ' എന്നറിയപ്പെടുന്ന മക്തബുൽ ഇർശാദിൽ അദ്ദേഹം അംഗമാണ്. അറബ് ലോകത്തെ പ്രഗത്ഭരായ ഭിഷഗ്വരൻമാരിലൊരാളുമാണ് അദ്ദേഹം. പാത്തോളജിയാണ് അദ്ദേഹത്തിന്റെ ഗവേഷണ വിഷയം. 'അറബ് ലോകത്തെ നൂറ് ശാസ്ത്രജ്ഞർ' എന്ന പേരിൽ 1999 -ൽ ഈജിപ്തിൽ പുറത്തിറക്കിയ ഒരു ലിസ്റ്റിൽ ബദീഇന്റെ പേരുമുണ്ട്. യമനിൽ

പാത്തോളജി വിഭാഗം ഗവേഷണ സ്ഥാപനത്തിന് തുടക്കമിട്ടതും അദ്ദേഹമാണ്.

1943 ആഗസ്റ്റ് ഏഴിന് ഈജിപ്തിലാണ് ജനനം. 1959-ൽതന്നെ ഇഖ്‌വാനുമായി ബന്ധപ്പെട്ടു. 1965-ൽ സയ്യിദ് ഖുത്ബിനോടൊപ്പം ശിക്ഷിക്കപ്പെട്ടവരിൽ ബദീഉം ഉണ്ടായിരുന്നു. പതിനഞ്ച് വർഷത്തെ തടവിനാണ് ബദീഅ് ശിക്ഷിക്കപ്പെട്ടത്. ഒമ്പത് വർഷം ജയിൽശിക്ഷ അനുഭവിച്ചു. ജയിൽ മോചിതനായ ശേഷം യമനിലേക്ക് പോയി. ഇപ്പോൾ ഈജിപ്തിലെ ബനീ സുവൈഫ് സർവകലാശാലയിൽ ജോലി ചെയ്യുന്നു. ഹുസ്നി മുബാറകിന്റെ ഭരണകൂടവും അദ്ദേഹത്തെ തടവിലിട്ടിരുന്നു. ഈജിപ്തിൽ പ്രസിഡന്റ്-പാർലമെന്റ് തെരഞ്ഞെടുപ്പ് ആസന്നമായിരിക്കെയാണ് ഇഖ്‌വാനിന്റെ നേതൃത്വമാറ്റം. ■

## മരണം

# അബ്ദുൽ അളീം ദീബ്



**പുതുവർഷാരംഭത്തിൽ** വിടപറഞ്ഞ പ്രമുഖ ഇസ്‌ലാമിക പണ്ഡിതനും ഗവേഷകനുമാണ് ഡോ. അബ്ദുൽ അളീം ദീബ്. 2010 ജനുവരി ആറിന് ഖത്തറിൽ വെച്ചായിരുന്നു അന്ത്യം. 1929-ൽ ഈജിപ്തിൽ ജനിച്ച ദീബ് കയ്റോ യൂനിവേഴ്സിറ്റിയിൽ പഠനം പൂർത്തിയാക്കിയ ശേഷം 1976-ലാണ് ഖത്തർ യൂനിവേഴ്സിറ്റിയിൽ ഫിഖ്ഹ് ഡിപ്പാർട്ട്മെന്റിന്റെ ചുമതലയേൽക്കുന്നത്. ഇവിടെ നബി ചരിത്ര പഠന ഗവേഷണങ്ങൾക്ക് നേതൃത്വം നൽകിയതും അദ്ദേഹം തന്നെയായിരുന്നു.

ദീബിന്റെ ഏറ്റവും ശ്രദ്ധേയമായ രചന *നിഹായതുൽ മത്‌ലബ് ഫീ ദിറായതിൽ മദ്ഹബ്* എന്ന പേരിലുള്ള ഫിഖ്ഹ് വിജ്ഞാനകോശമാണ്. ഇരുപത് വർഷമെടുത്താണ് ഇത് പൂർത്തിയാക്കിയത്. 15 വാള്യങ്ങളിലായി 3750 പേജുള്ള കൃതിയാണിത്. ഫിഖ്ഹിൽ അദ്ദേഹത്തിനുള്ള അഗാധ പാണ്ഡിത്യത്തിന്റെ സാക്ഷ്യമാണ് ഈ കൃതിയെന്ന് ഡോ. യൂസുഫുൽ ഖറദാവി തന്റെ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ■